# Govt Dental College Trivandrum

Mathrubhumi
മാതൃഭൂമി

## അർബുദ രോഗികൾക്ക് വിഗ്ഗുകൾ കൈമാറി ഡെന്റൽ കോളേജ് വിദ്യാർത്ഥികൾ

**തിരുവനന്തപുരം ▶** അർബുദ രോഗികൾക്കായി നടത്തിയ കേശദാന കാമ്പയിനിലൂടെ മുടിയഴകിലൂടെ രോഗികളിൽ ചിരി വിടർത്തുകയാണ് തിരുവനന്തപുരം ഗവ. ഡെന്റൽ കോളേജ് വിദ്യാർത്ഥികൾ.

ക്യാൻസർ രോഗികൾക്ക് വേണ്ടി നടത്തിയ ഹെയർ ഡൊണേഷൻ ക്യാമ്പയിൻ ഭാഗമായി 15 ഓളം രോഗികളിലേക്ക് നേരിട്ട് വിഗ്ഗ് എത്തിച്ചു കൊടുത്തുകൊണ്ട് മാതൃക ആയിരിക്കുകയാണ് തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിലെ വിദ്യാർത്ഥികൾ.

2021-2022 കാലയളവിൽ SFI യൂണിറ്റും കോളേജ് യൂണിയന്റെയും നേതൃത്വത്തിൽ നടന്ന ക്യാമ്പയിൻ സണ്ണി വെയിൻ, ഉണ്ണിമുകുന്ദൻ, നീരജ് മാധവ്, അഹാന കൃഷ്ണ തുടങ്ങി നിരവധി താരങ്ങൾ പിന്തുണയുമായി എത്തിയിരുന്നു. കേരളം ഒട്ടാകെ നിന്നും, കേരളത്തിന്റെ പുറത്തുനിന്നുവരെ ക്യാമ്പയിൻ ഏറ്റെടുത്തുകൊണ്ട് 300+ ഡോണർസ് തങ്ങളുടെ മുടികൾ ദാനം ചെയ്തുകൊണ്ട് മുന്നോട്ട് വന്നു.

വിഗ്ഗ് നിർമ്മാണത്തിന് ഒരു രോഗിക്കായി 4000-5000 രൂപവരെ ചെലവ് വരുന്നത് വിദ്യാർത്ഥികൾ തന്നെ വഹിച്ചു പൂർണമായി സൗജന്യമായിട്ടാണ് രോഗികൾക്ക് എത്തിക്കുന്നത്. പല സംഘടനകളും ഹെയർ ഡൊണേഷൻ ക്യാമ്പയിനുകൾ ദുരുപയോഗം ചെയ്യുന്ന ഈ കാലഘട്ടത്തിൽ എല്ലാവർക്കും ഒരു മാതൃക തന്നെയാണ് ഡെന്റൽ കോളേജ് യൂണിയനും വിദ്യാർത്ഥികളും.

ക്യാമ്പയിന്റെ ഭാഗമായി ഇനിയും സൗജന്യമായി വിഗ്ഗ് നിർമിച്ചു നൽകാൻ വിദ്യാർത്ഥികൾ സന്നദ്ധരാണ്. അതിലേക്കായി അർഹതപ്പെട്ട രോഗികൾക്ക് ബന്ധപ്പെടാം.

നമ്പർ 8921485546







# TDC HAIR & WIG DONATION CAMPAIGN

DCU 22-23